# 32nd

# KERALA STATE
## TELEVISION AWARDS
## 2023



# DECLARATION

**22nd January 2025**
**Kerala Legislative Assembly**
**Media Room**


**KERALA STATE CHALACHITRA ACADEMY**
Sathyan Memorial Building, Kinfra Film & Video Park,
Chanthavila, Sainik School.P.O., Kazhakuttom,Thiruvananthapuram - 695 585
Tel: 0471-275422, 2755322, email: office@chalachitraacademy.org
www.keralafilm.com

# ജൂറി അംഗങ്ങൾ

## കഥാവിഭാഗം

1. **ശ്രീ.എം.മോഹനൻ (ചെയർമാൻ)**
(ചലച്ചിത്ര സംവിധായകൻ, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ്)
2. **ശ്രീ. മോഹൻ കുപ്ലേരി (അംഗം)**
(ടെലിവിഷൻ, ചലച്ചിത്ര സംവിധായകൻ)
3. **ശ്രീമതി. ഗായത്രി വർഷ (അംഗം)**
(ചലച്ചിത്ര, ടെലിവിഷൻ നടി, അവതാരക)
4. **ശ്രീ.നിഖിൽ എസ് പ്രവീൺ (അംഗം)**
(ഛായാഗ്രാഹകൻ, ദേശീയ ചലച്ചിത്ര അവാർഡ് ജേതാവ്)
5. **ശ്രീ. കൃഷ്ണകുമാർ നായനാർ (അംഗം)**
(ടെലിവിഷൻ സീരിയൽ, ഡോക്യുമെന്ററി നിർമ്മാതാവ്)
6. **ശ്രീ.സി.അജോയ് (മെമ്പർ സെക്രട്ടറി)**
(സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി)

## കഥേതര വിഭാഗം

1. **ശ്രീ.എം.ജി.ശശി (ചെയർമാൻ)**
(ചലച്ചിത്ര സംവിധായകൻ, ഡോക്യുമെന്ററി സംവിധായകൻ, നടൻ, ദേശീയ, സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ്)
2. **ശ്രീമതി.ഹേമലത (അംഗം)**
(വാർത്താ അവതാരക, ദൂരദർശൻ മുൻ ന്യൂസ് എഡിറ്റർ)
3. **ശ്രീ.ബി.എസ്. രതീഷ് (അംഗം)**
(സംവിധായകൻ, കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് ജേതാവ്)
4. **ശ്രീ. ബി.ടി അനിൽകുമാർ (അംഗം)**
(തിരക്കഥാകൃത്ത്, ഗാനരചയിതാവ്, ഡോക്യുമെന്ററി സംവിധായകൻ, റിട്ട.ഡെപ്യൂട്ടി ഡയറക്ടർ, ഐ&പി.ആർ.ഡി)
5. **ശ്രീ.ശ്രീകുമാർ ടി.ജി (അംഗം)**
(ഛായാഗ്രാഹകൻ, കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് ജേതാവ്)
6. **ശ്രീ.സി.അജോയ് (മെമ്പർ സെക്രട്ടറി)**
(സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി)

## രചനാ വിഭാഗം

1. **ഡോ.ജിനേഷ് കുമാർ എരമം (ചെയർമാൻ)**
(എഴുത്തുകാരൻ, ചലച്ചിത്ര നിരൂപകൻ, ഗാനരചയിതാവ്, കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് ജേതാവ്)
2. **ഡോ.ഷീബ എം. കുര്യൻ (അംഗം)**
(എഴുത്തുകാരി, അധ്യാപിക, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് ജേതാവ്)
3. **ഡോ.എം.എ.സിദ്ദിഖ് (അംഗം)**
(അധ്യാപകൻ, എഴുത്തുകാരൻ)
4. **ശ്രീ.സി.അജോയ് (മെമ്പർ സെക്രട്ടറി)**
(സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി)

# 32-ാമത് ടെലിവിഷൻ അവാർഡ് നിർണ്ണയ കമ്മിറ്റികളുടെ പരാമർശങ്ങളും നിർദ്ദേശങ്ങളും

## കഥാവിഭാഗം പരാമർശങ്ങൾ

കഥാവിഭാഗത്തിൽ ആകെ 51 എൻട്രികളാണ് സമർപ്പിക്കപ്പെട്ടിരുന്നത്. ഇതിൽ 8 ടെലിസീരിയലുകൾ ഉണ്ടായിരുന്നു. പലതും ആദിമധ്യാന്തം ഒരേ കഥാസ്വഭാവത്തിൽ ഉള്ളതല്ല. എങ്കിലും ജൂറിക്ക് മുന്നിൽ എത്തിയ എൻട്രികൾ എല്ലാം പരിഗണിച്ച് വിലയിരുത്തിയിട്ടുണ്ട്.

ടെലിഫിലിം ഹ്രസ്വവിഭാഗത്തിൽ 13 എണ്ണവും ദീർഘവിഭാഗത്തിൽ 6 എണ്ണവും സമർപ്പിക്കപ്പെട്ടിരുന്നു. എങ്കിലും നാമമാത്രമായ ചിത്രങ്ങളാണ് മികവ് പുലർത്തിയത്. പ്രമേയത്തിലും പശ്ചാത്തലത്തിലും കാലാനുസൃതമായ മാറ്റം സംഭവിക്കുന്നില്ല എന്നുള്ളത് തീർത്തും നിരാശാജനകമാണ്.

കുട്ടികളുടെ ഹ്രസ്വചിത്ര വിഭാഗത്തിൽ 5 എൻട്രികളുണ്ടായിരുന്നു. തീർത്തും നിരാശാജനകമായിരുന്നു ഈ എൻട്രികൾ. അതിനാൽ ഈ വിഭാഗത്തിൽ ഒന്നും തന്നെ പരിഗണിച്ചിട്ടില്ല.

15 വിനോദ പരിപാടികളാണ് സമർപ്പിക്കപ്പെട്ടിരുന്നത്. ചാനലുകൾ നേരിട്ട് നിർമ്മാണ നിർവഹണം നടത്തിയിരിക്കുന്നതുകൊണ്ട് വിനോദ പരിപാടികൾ മെച്ചപ്പെട്ട നിലവാരം പുലർത്തിയിട്ടുണ്ട്.

കോമഡി പ്രോഗ്രാമുകളിൽ 5 എൻട്രികൾ ഉണ്ടായിരുന്നു. പൊതുവേ അരോചകമായിരുന്നെങ്കിലും പുതിയ പ്രതിഭകളെ കണ്ടെത്താനുള്ള ഒറ്റപ്പെട്ട ശ്രമങ്ങളെ ജൂറി പരിഗണനയിലെടുത്തു.

## കഥാവിഭാഗം നിർദ്ദേശങ്ങൾ

സീരിയൽ വിഭാഗത്തിൽ നിലവിലുള്ള നിയമാവലി പ്രകാരം 52 എപ്പിസോഡുകൾ വരെയുള്ളവയാണ് പരിഗണിക്കുക. മെഗാസീരിയലുകൾ ദൈർഘ്യം ചുരുക്കിയെടുത്ത് 52 എപ്പിസോഡുകളാക്കിയാണ് ഇപ്പോൾ സമർപ്പിച്ചുവരുന്നത്. അതിനാൽ കഥയ്ക്കോ കഥാപാത്രങ്ങൾക്കോ പൂർണത ലഭിക്കുന്നില്ല. അത്തരം സീരിയലുകൾ വിലയിരുത്തുക അപ്രായോഗികമാണ്. പരമാവധി ദൈർഘ്യ നിഷ്കർഷയോടെ നിർമ്മിക്കപ്പെട്ട് സംപ്രേഷണം പൂർത്തീകരിച്ച സീരിയലുകൾ മാത്രമേ അവാർഡിന് പരിഗണിക്കാവൂ.

ടി.വി.അവാർഡ് നിയമാവലി കാലോചിതമായി അഴിച്ചുപണിയേണ്ടത് അനിവാര്യമാണ്. ഇതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കാവുന്നതാണ്.

എല്ലാ വിഭാഗങ്ങളിലും അവാർഡ് തുക വളരെ പരിമിതമാണ്. തുക കാലോചിതമായി വർധിപ്പിക്കണം.

സീരിയലുകളുടെ നിലവാരം വർധിപ്പിക്കേണ്ടത് അനിവാര്യമാണ്. ചാനലുകളുടെ നേരിട്ടുള്ള ചുമതലയിൽ സീരിയൽ നിർമ്മിക്കപ്പെടണം.

ടെലിവിഷൻ ഏറ്റവും വലിയ ജനസ്വാധീനമേറിയ മാധ്യമമായതിനാൽ സീരിയലുകളുടെ പ്രമേയങ്ങളിൽ നിരന്തരമായി കാണുന്ന സ്ത്രീവിരുദ്ധതയും കുടുംബബന്ധങ്ങളുടെ മൂല്യച്യുതിയും കർശനമായി ഒഴിവാക്കപ്പെടേണ്ടതാണ്. കുട്ടികളും സീരിയലുകളുടെ കാഴ്ചക്കാരാണ് എന്ന പരിഗണന ഉണ്ടാകേണ്ടതാണ്.

തിരക്കഥ, വസ്ത്രാലങ്കാരം, ചമയം, ശബ്ദമിശ്രണം, സ്വഭാവനടൻ, സ്വഭാവനടി, വി.എഫ്.എക്സ് തുടങ്ങിയ വിഭാഗങ്ങളിലും അവാർഡുകൾ നൽകാവുന്നതാണ്.

ടെലിഫിലിം (ദീർഘം) ടെലിഫിലിം (ഹ്രസ്വം) തുടങ്ങിയ വിഭാഗങ്ങളിൽ കുടുതൽ നിലവാരമുള്ള പങ്കാളിത്തം കൊണ്ടുവരാൻ ശ്രമിക്കാവുന്നതാണ്. യൂട്യൂബ് പോലുള്ള നവമാധ്യമങ്ങളിൽ നിന്നും നിശ്ചിതമാനദണ്ഡങ്ങൾക്കു വിധേയമായി തെരഞ്ഞെടുക്കപ്പെട്ടവ പരിഗണിക്കാവുന്നതാണ്.

## കഥേതര വിഭാഗം പരാമർശങ്ങൾ

14 വിഭാഗങ്ങളിലായി 110 എൻട്രികളാണ് കഥേതരവിഭാഗം ജൂറിയുടെ പരിഗണനക്കെത്തിയത്. വിഭാഗമേതാണെന്ന് ശരിയായി മനസ്സിലാക്കാതെ എൻട്രികൾ അയയ്ക്കുന്ന രീതിയാണ് പൊതുവേ കണ്ടത്. ഈ പ്രവണത ഒഴിവാക്കപ്പെടേണ്ടതാണ്. ചാനലുകൾ പ്രതിദിന ന്യൂസ് ബുള്ളറ്റിനുകളുടെ ഭാഗമായി സംപ്രേഷണം ചെയ്ത ന്യൂസ് സ്റ്റോറികൾ ഡോക്യുമെന്ററി വിഭാഗത്തിൽ പരിഗണനക്കായി അയച്ചത് ഇതിന് ഉദാഹരണമാണ്. ക്ലാസ്മുറികളിലെ അധ്യയനത്തിനപ്പുറം വിദ്യാഭ്യാസമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതും മൂല്യവത്തായതുമായ പരിപാടികൾ വിദ്യാഭ്യാസ പരിപാടികളായി രൂപപ്പെടുത്താൻ പൊതുവേ ശ്രദ്ധയുണ്ടായില്ല എന്നതും ന്യൂനതയായി. അന്വേഷണാത്മക മാധ്യമപ്രവർത്തനം ജനകീയമായ വിഷയങ്ങളിലും ജനങ്ങളുടെ നിത്യജീവിതത്തെ ബാധിക്കുന്ന വിഷയങ്ങളിലും കൂടുതൽ ശ്രദ്ധപുലർത്തേണ്ടതുണ്ട്. സെൻസർ ചെയ്ത ഡോക്യുമെന്ററികളെ പ്രത്യേക വിഭാഗമായി മത്സരത്തിന് പരിഗണിക്കുന്നതാണ് ഉചിതമെന്നും ജൂറി അഭിപ്രായപ്പെടുന്നു.

## കഥേതര വിഭാഗം നിർദ്ദേശങ്ങൾ

1. Documentary on Women/Children എന്ന വിഭാഗം Documentary on Women, Documentary on Children എന്നിങ്ങനെ രണ്ട് വിഭാഗങ്ങളാക്കാവുന്നതാണ്.
2. മികച്ച ഡോക്യുമെന്ററി സംവിധായകന് നൽകുന്നതുപോലെ ഡോക്യുമെന്ററിയുടെ രചയിതാവ് (Script Writer), ക്യാമറാമാൻ, എഡിറ്റർ, ശബ്ദലേഖകൻ, സംഗീതസംവിധായകൻ എന്നീ വിഭാഗങ്ങളിലും പുരസ്കാരം ഏർപ്പെടുത്താവുന്നതാണ്.

3. ടെലിവിഷൻ റിയാലിറ്റി ഷോ (Non Fiction) കൾക്കായി പ്രത്യേകം പുരസ്കാരം ഏർപ്പെടുത്താവുന്നതാണ്.

4. ന്യൂസ് സ്റ്റോറികൾ, ഡോക്യുമെന്ററി വിഭാഗത്തിൽ മത്സരത്തിനായി സമർപ്പിക്കാൻ പാടുള്ളതല്ല എന്നത് മാർഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്.

5. ചാനലുകൾ സംപ്രേഷണം ചെയ്യുന്ന വികസനോന്മുഖ റിപ്പോർട്ടുകൾ/പോസിറ്റിവ് റിപ്പോർട്ട് എന്നിവയ്ക്ക് ഒരു പ്രത്യേക വിഭാഗമായി പരിഗണിച്ച് പുരസ്കാരം നൽകാവുന്നതാണ്.

6. രാഷ്ട്രീയ/സാമൂഹ്യ വിഷയങ്ങൾ പ്രമേയമായ ഡോക്യുമെന്ററികൾ പ്രത്യേക വിഭാഗമായി പരിഗണിച്ച് പുരസ്കാരം നൽകാവുന്നതാണ്.

7. സെൻസർ ചെയ്ത ഡോക്യുമെന്ററികൾ പ്രത്യേക വിഭാഗമായി പരിഗണിച്ച് പുരസ്കാരം നൽകാവുന്നതാണ്.

## രചനാ വിഭാഗം പരാമർശങ്ങൾ

2023 ലെ കേരള സംസ്ഥാന ടെലിവിഷൻ അവാർഡിന്റെ രചനാവിഭാഗം ജൂറിക്കുമുമ്പാകെ ഒരു പുസ്തകവും മൂന്ന് ലേഖനങ്ങളുമാണ് പരിഗണനയ്ക്കായി ലഭിച്ചത്. നിത്യജീവിതത്തെ നിരന്തരമായി സ്വാധീനിക്കുന്ന മാധ്യമമെന്ന നിലയിൽ ടെലിവിഷനെക്കുറിച്ച് ഗൗരവമായ പഠനങ്ങൾ ഉണ്ടാകേണ്ടതാണ്. ടെലിവിഷനെന്ന മാധ്യമം, ഉള്ളടക്കനിർമ്മിതി, വിനിമയരീതികൾ, കാഴ്ചയുടെ സംസ്കാരവും രാഷ്ട്രീയവും, സമൂഹത്തിൽ ഉണ്ടാക്കുന്ന സ്വാധീനം, ടെലിവിഷൻ പഠനങ്ങളുടെ തന്നെ വിമർശനാത്മക വിശകലനം (meta criticism) എന്നിവയെ മുൻനിർത്തിയുള്ള പഠനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യമാണ്. എന്നാൽ ഈ മണ്ഡലത്തിൽ ആശാവഹമായ പുരോഗതി ഉണ്ടാകാത്തതിൽ ജൂറി ആശങ്ക രേഖപ്പെടുത്തുന്നു. ലഭിച്ച എൻട്രികളിൽത്തന്നെ സൈദ്ധാന്തിക ചട്ടക്കൂടിന്റെയും ആഴത്തിലുള്ള വിശകലനത്തിന്റെയും അഭാവം ജൂറിക്ക് ബോധ്യപ്പെട്ടു. വാർത്താധിഷ്ഠിത പരിപാടികളെ വിവരണാത്മകമായി വിശകലനം ചെയ്യാനാണ് രചയിതാക്കൾ ശ്രമിച്ചിട്ടുള്ളത്.

കേരള സംസ്ഥാന ടെലിവിഷൻ അവാർഡിന്റെ ചട്ടങ്ങൾ 4 ലെ ഖണ്ഡിക 8 പ്രകാരം രണ്ടിൽ കൂടുതൽ അപേക്ഷകളില്ലാത്ത വിഭാഗങ്ങളിൽ അവാർഡ് നൽകുന്നതല്ല. പുസ്തകവിഭാഗത്തിൽ ഒരു പുസ്തകം മാത്രമേ സമർപ്പിക്കപ്പെട്ടിരുന്നുള്ളൂ. അതിനാൽ പുസ്തകത്തെ അവാർഡിന് പരിഗണിച്ചിട്ടില്ലെങ്കിലും ടെലിവിഷൻ മേഖലയെക്കുറിച്ച് ശ്രദ്ധേയമായ ചില നിരീക്ഷണങ്ങളുള്ള ഗ്രന്ഥമെന്ന നിലയ്ക്ക് രാജേഷ് കെ എരുമേലിയുടെ 'ടെലിവിഷൻ കാഴ്ച, നിർമ്മിതി എന്ന പുസ്തകത്തിന് ജൂറി പ്രത്യേക പരാമർശം മാത്രം നൽകുന്നു.

# ജൂറി നിർദ്ദേശങ്ങൾ

1. ടെലിവിഷൻ പഠനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പാഠ്യപദ്ധതി സ്കൂൾതലം മുതൽ ഉണ്ടാകേണ്ടതാണ്.

2. കാലോചിതമായി, ടെലിവിഷൻ പഠനങ്ങളെ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ പ്രസ് അക്കാദമികൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ ആവിഷ്കരിക്കേണ്ടതാണ്.

3. ടെലിവിഷൻ പഠനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സ്പെഷ്യൽ പതിപ്പുകൾ ഇറക്കുന്ന കാര്യത്തിൽ മലയാളത്തിലെ ആനുകാലികങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

4. മനുഷ്യമനസ്സിനെ മലീമസമാക്കുന്ന വിധത്തിലുള്ള ടെലിവിഷൻ പരിപാടികളോട് വിമർശനാത്മകമായി പ്രതികരിക്കുന്നതിന് എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരും മുന്നോട്ടുവരേണ്ടതാണ്.

5. മറ്റുഭാഷകളിൽ നിന്ന് മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്തുവരുന്ന സീരിയലുകളും മറ്റും മലയാളഭാഷയെ വികൃതമാക്കുന്ന പ്രവണതകൾക്കെതിരെ പൊതുസമൂഹം ജാഗ്രത പുലർത്തേണ്ടതാണ്.

♦♦♦

# അവാർഡുകൾ

## രചനാ വിഭാഗം

**1. മികച്ച ലേഖനം : ടെലിവിഷൻ ആചാരങ്ങളും ഡിജിറ്റൽ ചായക്കടകളും**

**രചയിതാവ് : ഡോ.വി.മോഹനകൃഷ്ണൻ**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

ടെലിവിഷൻ സംബന്ധിച്ച മികച്ച ലേഖനത്തിനുള്ള പുരസ്കാരം ഡോ.വി.മോഹനകൃഷ്ണന്റെ 'ടെലിവിഷൻ ആചാരങ്ങളും ഡിജിറ്റൽ ചായക്കടകളും' എന്ന ലേഖനത്തിന് നൽകാൻ ശുപാർശ ചെയ്യുന്നു. നിലനിൽപ്പിനുവേണ്ടിയുള്ള കടുത്ത മത്സരത്തിൽ റേറ്റിങ്ങ് ഉയർത്തുന്നതിനായി അയുക്തികവും അശാസ്ത്രീയവുമായ കാര്യങ്ങൾ സംപ്രേഷണം ചെയ്യുന്ന ചാനലുകൾ സമൂഹത്തെ പിന്നോട്ടു നയിക്കുന്നതെങ്ങനെയെന്ന് ലേഖനം തുറന്നുകാട്ടുന്നു.

---

**2. പ്രത്യേക ജൂറി പരാമർശം : ടെലിവിഷൻ: കാഴ്ച, നിർമ്മിതി (ഗ്രന്ഥം)**

**ഗ്രന്ഥകർത്താവ് : രാജേഷ് കെ. എരുമേലി**

മാധ്യമചരിത്രത്തിന്റെ പൊതുവായ പശ്ചാത്തലത്തിൽ ടെലിവിഷനെ അടയാളപ്പെടുത്തുകയും മലയാളം ചാനലുകളെ സാംസ്കാരികമായി വിലയിരുത്തുകയും ചെയ്യുന്ന ഗ്രന്ഥം. ടെലിവിഷനിലെ കീഴാള വിഭാഗക്കാരുടെയും അടിത്തട്ട് സമൂഹത്തിന്റെയും അസാന്നിധ്യത്തെക്കുറിച്ച് ഗ്രന്ഥത്തിലുള്ള നിരീക്ഷണങ്ങൾ പ്രസക്തമാണ്.

♦♦♦♦♦

# അവാർഡുകൾ

## കഥാവിഭാഗം

1. **മികച്ച ടെലി സീരിയൽ** : **ആൺപിറന്നോൾ** (അമൃത ടി.വി)

**സംവിധാനം** : **ശിവമോഹൻ തമ്പി**
(25,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **അരുൺരാജ് ആർ.**
(25,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**തിരക്കഥ** : **ഗണേഷ് ഓലിക്കര**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

ഒരു ട്രാൻസ്ജെൻഡറുടെ പോരാട്ടത്തിന്റെയും അതിജീവനത്തിന്റെയും കഥ, പാർശ്വവത്കരിക്കപ്പെട്ട സമൂഹത്തിന്റെ ഉയിർത്തെഴുന്നേൽപ്പിന് പ്രചോദനമാകുംവിധം അവതരിപ്പിക്കാൻ ശ്രമിച്ചിരിക്കുന്നു. സാമൂഹിക പ്രസക്തമായ ഈ വിഷയം കൈകാര്യം ചെയ്യാനുള്ള ശ്രമം പ്രശംസനീയമാണ്.

2. **മികച്ച രണ്ടാമത്തെ ടെലി സീരിയൽ : സു.സു.സുരഭിയും സുഹാസിനിയും**

**സംവിധാനം** : **രാജേഷ് തലച്ചിറ**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **ഫ്ളവേഴ്സ് ടി.വി**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

കുടുംബ പശ്ചാത്തലത്തിൽ കാലികമായ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ദ്വയാർത്ഥ പ്രയോഗങ്ങളില്ലാത്ത നിർദോഷകരമായ ഫലിതങ്ങളിലൂടെ സമൂഹത്തിന് നല്ല സന്ദേശങ്ങൾ പകരുന്ന പരമ്പര.

3. **മികച്ച ടെലി ഫിലിം** : **കൺമഷി** (കേരള വിഷൻ)
(20 മിനിട്ടിൽ കുറവ്)

**സംവിധാനം** : **അനൂപ് കൃഷ്ണൻ**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **അഞ്ജലി കല്ലേങ്ങാട്ട്**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**തിരക്കഥ** : **അനൂപ് കൃഷ്ണൻ**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

തെയ്യം എന്ന അനുഷ്ഠാനകലയുടെ പശ്ചാത്തലത്തിൽ പ്രണയവും പ്രതികാരവും തികഞ്ഞ സാങ്കേതിക മികവോടെ അവതരിപ്പിച്ചിരിക്കുന്നു.

**4. മികച്ച ടെലി ഫിലിം** : **ലില്ലി** (ജി 4 യു ന്യൂസ്)
(20 മിനിട്ടിൽ കൂടിയത്)

**സംവിധാനം** : **മറിയം ഷാനൂബ്**
(20,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **ഷാനൂബ് കരുവത്ത്**
(20,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**തിരക്കഥ** : **ഷാനൂബ് കരുവത്ത്**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

സ്ഥിരതയില്ലാത്ത ജോലിയുമായി കുടുംബത്തിനുവേണ്ടി കഷ്ടപ്പെടുന്ന ഒരു പെൺകുട്ടിയുടെ സഹനങ്ങളിലൂടെ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന പുതുതലമുറയുടെ പരിഛേദം അവതരിപ്പിച്ച പ്രമേയ മികവിന്.

---

**5. മികച്ച കഥാകൃത്ത്** : ഗംഗ
(ടെലിസീരിയൽ/ടെലിഫിലിം) (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **ആൺപിറന്നോൾ** (അമൃത ടി.വി)

ഒരു പെൺകുട്ടിയിൽ നിന്ന് ആൺകുട്ടിയിലേക്കുള്ള പരിണാമത്തിന്റെ ആത്മ സംഘർഷങ്ങൾ, ട്രാൻസ്ജെൻഡർ വിഭാഗത്തോടുള്ള സമൂഹത്തിന്റെ യാഥാസ്ഥിതിക സമീപനം എന്നീ കാലിക പ്രസക്തമായ വിഷയങ്ങളെ പുരോഗമനപരമായ ഒരു കഥയായി പരിവർത്തിപ്പിച്ച രചനാമികവിന്.

---

**6. മികച്ച ടി.വി.ഷോ** : **കിടിലം** (മഴവിൽ മനോരമ)
**(എന്റർടെയിൻമെന്റ്)**

**നിർമ്മാണം** : **എം.എം.ടി.വി ലിമിറ്റഡ്**
(20,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

കേരളത്തിന് അകത്തും പുറത്തുമുള്ള അസാധാരണ കഴിവുകളുള്ള പ്രതിഭകളെ കണ്ടെത്തി ഉന്നത സാങ്കേതിക മികവോടെ പ്രേക്ഷകരെ പിടിച്ചിരുത്തുംവിധം അവതരിപ്പിക്കുന്ന വിനോദ പരിപാടി.

---

**7. മികച്ച കോമഡി പ്രോഗ്രാം** : **ഒരു ചിരി ഇരു ചിരി ബമ്പർ ചിരി (സീസൺ 2)**
(മഴവിൽ മനോരമ)

**സംവിധാനം** : **രഞ്ജിത് ആർ. നായർ**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **എം.എം.ടി.വി. ലിമിറ്റഡ്**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

പുതിയ കലാകാരന്മാർക്ക് അവസരം നൽകിക്കൊണ്ട് ശാരീരികാധിക്ഷേപം, ദ്വയാർത്ഥ പ്രയോഗങ്ങൾ എന്നിവയില്ലാത്ത നർമ്മമുഹൂർത്തങ്ങൾ ഉൾപ്പെടുത്തിയ ഹാസ്യപരിപാടി.

**8. മികച്ച ഹാസ്യാഭിനേതാവ് :** അർഹതയുള്ള എൻട്രികൾ ഇല്ലാതിരുന്നതിനാൽ ഈ വിഭാഗത്തിൽ അവാർഡ് നൽകിയിട്ടില്ല.

**9. മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (ആൺ) : നന്ദകുമാർ**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി : അമ്മേ ഭഗവതി** (ഫ്ളവേഴ്സ്)

വിവിധ പ്രതിസന്ധികളിലൂടെ കടന്നുപോവുന്ന പൂജാരി എന്ന കഥാപാത്രത്തിന്റെ വികാരങ്ങളെ ശബ്ദത്തിൽ സന്നിവേശിപ്പിച്ച പ്രകടന മികവിന്.

**10. മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (പെൺ) : പാർവതി എസ്. പ്രകാശ്**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി : ആൺപിറന്നോൾ** (അമൃത ടി.വി.)

അപൂർവ്വ എന്ന പെൺകുട്ടിയിൽ നിന്ന് ആൺകുട്ടിയിലേയ്ക്കുള്ള മാറ്റത്തിനിടയിലെ വ്യത്യസ്തമായ സ്വരഭേദങ്ങൾ സ്വാഭാവികതയോടെ അവതരിപ്പിച്ച മികവിന്.

**11. കുട്ടികളുടെ മികച്ച ഷോർട്ട് ഫിലിം :** അർഹതയുള്ള എൻട്രികൾ ഇല്ലാതിരുന്നതിനാൽ ഈ വിഭാഗത്തിൽ അവാർഡ് നൽകിയിട്ടില്ല.

**12. മികച്ച സംവിധായകൻ : അനൂപ് കൃഷ്ണൻ**
(ടെലിസീരിയൽ/ടെലിഫിലിം) (20,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി : കൺമഷി** (കേരളവിഷൻ)

തെയ്യം കലാകാരനായ പരമുവിന്റെ പ്രണയവും പ്രതികാരവും ശക്തമായ ദൃശ്യഭാഷയിലൂടെ സമന്വയിപ്പിച്ച സംവിധാന പാടവത്തിന്.

**13. മികച്ച നടൻ : അനൂപ് കൃഷ്ണൻ**
(ടെലിസീരിയൽ/ടെലിഫിലിം) (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി : കൺമഷി** (കേരളവിഷൻ)

തെയ്യം കലാകാരനായ പരമുവിന്റെ ശരീരഭാഷയും തെയ്യക്കോലത്തിന്റെ അനായാസമായ മെയ്വഴക്കവും വാചാലും സ്വാഭാവികമായി അവതരിപ്പിച്ച പ്രകടന മികവിന്.

**14. മികച്ച രണ്ടാമത്തെ നടൻ : സീനു രാഘവേന്ദ്ര**
(ടെലിസീരിയൽ/ടെലിഫിലിം) (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി : അമ്മേ ഭഗവതി** (ഫ്ളവേഴ്സ്)

പൗരോഹിത്യത്തിനും വ്യക്തിജീവിതത്തിനുമിടയിലെ ഒരു പൂജാരിയുടെ വൈകാരിക പ്രതിസന്ധികളെ തന്മയത്വത്തോടെ അവതരിപ്പിച്ച പ്രകടന മികവിന്.

**15. മികച്ച നടി** : **1. റിയ കുര്യാക്കോസ്**
(ടെലിസീരിയൽ/ടെലിഫിലിം) **2. മറിയം ഷാനൂബ്**
(7,500/- രൂപയും പ്രശസ്തിപത്രവും ശില്പവും വീതം)

**പരിപാടി** : **1. ആൺപിറന്നോൾ** (അമൃത ടി.വി)
**2. ലില്ലി** (ജി. 4 യു ന്യൂസ്)

1. പെണ്ണിന്റെ ശാരീരിക, മാനസികാവസ്ഥകളോട് പൊരുത്തപ്പെടാനാവാതെ ആൺമനസ്സുമായി ജീവിക്കുന്ന അപൂർവ്വയുടെ വൈകാരിക സമ്മർദ്ദങ്ങളെ തീക്ഷ്ണമായി ആവിഷ്കരിച്ച അഭിനയ മികവിന്.

2. തൊഴിൽപരമായ അരക്ഷിതാവസ്ഥ അനുഭവിക്കുന്ന ലില്ലി എന്ന പുതുതലമുറക്കാരിയുടെ മാനസിക സംഘർഷങ്ങളെ അയത്നലളിതമായി ആവിഷ്കരിച്ച പ്രകടന മികവിന്.

---

**16. മികച്ച രണ്ടാമത്തെ നടി** : **അനുക്കുട്ടി**
(ടെലിസീരിയൽ/ടെലിഫിലിം) (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **സു.സു.സുരഭിയും സുഹാസിനിയും** (ഫ്ളവേഴ്സ്)

സുരഭി എന്ന കഥാപാത്രത്തിന്റെ സ്ഥായിയായ നിഷ്കളങ്കത നിലനിർത്തിക്കൊണ്ട് പരിഭവവും പിണക്കങ്ങളും സങ്കടങ്ങളും തികഞ്ഞ കൈയടക്കത്തോടെ അവതരിപ്പിച്ച നൈസർഗികമായ അഭിനയപാടവത്തിന്.

---

**17. മികച്ച ബാലതാരം** : **ആദിത് ദേവ്**
(ടെലിസീരിയൽ/ടെലിഫിലിം) (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **മധുരം** (ശാലോം ടി.വി)

തൊഴിലിന്റെ മഹത്വവും സത്യസന്ധതയും ഉയർത്തിപ്പിടിക്കുന്ന മധു എന്ന ബാലകഥാപാത്രത്തെ ജീവസ്സുറ്റതാക്കിയതിന്.

---

**18. മികച്ച ഛായാഗ്രാഹകൻ** : **ഷിഹാബ് ഓങ്ങല്ലൂർ**
(ടെലിസീരിയൽ/ടെലിഫിലിം) (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **കൺമഷി** (കേരള വിഷൻ)

കാലഘട്ടത്തിനും കഥയ്ക്കും തികച്ചും അനുയോജ്യമായ രീതിയിൽ ദൃശ്യവിരുന്ന് ഒരുക്കിയ ഛായാഗ്രഹണ പാടവത്തിന്.

---

**19. മികച്ച ദൃശ്യസംയോജകൻ** : **വിഷ്ണു എസ്. പരമേശ്വർ**
(ടെലിസീരിയൽ/ടെലിഫിലിം) (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **ലാസ്റ്റ് സപ്പർ II^nd^** (വിക്ടേഴ്സ് ചാനൽ)

സംഭാഷണമില്ലാത്ത ചിത്രത്തിന്റെ ആഖ്യാനത്തിന് ഉതകുന്നവിധം താളാത്മകമായി ദൃശ്യസന്നിവേശം നടത്തിയ മികവിന്.

**20. മികച്ച സംഗീത സംവിധായകൻ : വിഷ്ണു ശിവശങ്കർ**
(ടെലിസീരിയൽ/ടെലിഫിലിം) (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **കൺമഷി** (കേരള വിഷൻ)

തെയ്യത്തിന്റെ പശ്ചാത്തലത്തിലുള്ള കഥയിലെ വൈകാരിക മുഹൂർത്തങ്ങൾക്കും, തീക്ഷ്ണഭാവങ്ങൾക്കും ഉപയുക്തമാവുന്നവിധം പശ്ചാത്തല സംഗീതം പകർന്ന മികവിന്.

---

**21. മികച്ച ശബ്ദലേഖകൻ : നംഷാദ് എസ്.**
(ടെലിസീരിയൽ/ടെലിഫിലിം) (15,000 /- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **സിൻസ് ഫോർഎവർ** (എൻ.സി.വി.ചാനൽ)

കഥയിലെ വ്യത്യസ്ത പശ്ചാത്തലങ്ങളിലുള്ള സൂക്ഷ്മശബ്ദങ്ങൾ പോലും അതിവിദഗ്ധമായി സന്നിവേശിപ്പിച്ച മികവിന്.

---

**22. മികച്ച കലാസംവിധായിക : മറിയം ഷാനൂബ്**
(ടെലിസീരിയൽ/ടെലിഫിലിം) (15,000 /- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **ലില്ലി** (ജി 4 യു ന്യൂസ്)

പ്രമേയത്തിന് തികച്ചും അനുയോജ്യമായവിധം അർഥവത്തായും കലാപരമായും സജ്ജീകരിച്ച പശ്ചാത്തല നിർമ്മിതിക്ക്.

♦♦♦♦♦

# അവാർഡുകൾ

## കഥേതര വിഭാഗം

1. **മികച്ച ഡോക്യുമെന്ററി (ജനറൽ)** : **കുടകിലെ കുഴിമാടങ്ങൾ** (മീഡിയ വൺ ടി.വി.)

**സംവിധാനം** : **സി.എം ഷെരീഫ്** (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **മീഡിയ വൺ ടി.വി.** (20,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

വയനാട്ടിൽനിന്ന് കുടകിലേക്ക് തൊഴിൽ തേടിപ്പോവുന്ന ആദിവാസി വിഭാഗക്കാരുടെ അസ്വാഭാവിക തിരോധാനവും ദുരൂഹമരണവും സംബന്ധിച്ച ഉള്ളുലയ്ക്കുന്നതും ഉൾക്കാഴ്ച നൽകുന്നതുമായ അവതരണം.

---

2. **മികച്ച ഡോക്യുമെന്ററി (സയൻസ് & എൻവയോൺമെന്റ്)** : **ഉറവ** (മനോരമ ന്യൂസ്)

**സംവിധാനം** : **മിഥുൻ സുധാകരൻ** (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **മനോരമ ന്യൂസ്** (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

സ്വാഭാവിക നീരുറവകളുടെ സംരക്ഷണത്തിന് വയനാട്ടിലെ ഗോത്രജനത പരിപാലിച്ചുപോരുന്ന കേണി എന്ന ശാസ്ത്രീയ മാതൃകയെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കാനുതകുന്ന ഡോക്യുമെന്ററി. ജലത്തിന്റെ വർത്തമാനകാല രാഷ്ട്രീയവും ഇതിൽ ചർച്ചാവിഷയമാവുന്നു.

---

3. **മികച്ച ഡോക്യുമെന്ററി (ബയോഗ്രഫി)** : **പദ്മശ്രീ ഗുരു കലാമണ്ഡലം ക്ഷേമാവതി** (സെൻസേർഡ്)

**സംവിധാനം** : **ജയരാജ് പുതുമഠം** (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **സാജ് വിശ്വനാഥൻ** (15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

മോഹിനിയാട്ടം എന്ന നൃത്തരൂപത്തെ കാലികമായ പരിഷ്കരണത്തിലൂടെ ശ്രേഷ്ഠമായ അവസ്ഥയിലേക്കും ആഗോളതലത്തിലേക്കും വികസിപ്പിച്ചെടുത്ത ക്ഷേമാവതി ടീച്ചറുടെ ജീവിതവും പ്രവർത്തനങ്ങളും കലാത്മകമായി ആവിഷ്കരിക്കുന്ന ഡോക്യുമെന്ററി.

**4. മികച്ച ഡോക്യുമെന്ററി (വിമൻ & ചിൽഡ്രൻ)** : **1) ടോപ് ഗിയർ (സുജയുടെ ജീവിത യാത്രകൾ)** (ഏഷ്യാനെറ്റ് ന്യൂസ്)
**2) കിണറാഴങ്ങളിൽ ഒരു കുഞ്ഞുപെണ്ണ്** (ഭഗവത് ടെലിവിഷൻ)

**സംവിധാനം** : **1) ഷഫീഖാൻ എസ്.**
**2) അപർണ പ്രഭാകർ**
(5,000/- രൂപയും പ്രശസ്തിപത്രവും ശില്പവും വീതം)

**നിർമ്മാണം** : **1) ഏഷ്യാനെറ്റ് ന്യൂസ്**
**2) സന്തോഷ് ബമ്മാഞ്ചേരി**
(7,500/- രൂപയും പ്രശസ്തിപത്രവും ശില്പവും വീതം)

1. അധ്വാനത്തോടൊപ്പം വിദ്യാസമ്പാദനവും മുന്നോട്ടു കൊണ്ടുപോവുക വഴി അവസരങ്ങളെയും സാമ്പത്തിക സ്വാതന്ത്ര്യത്തെയും ഉയർത്തിപ്പിടിക്കുകയും, അടിവരയിടുകയും ചെയ്യുന്ന സുജ എന്ന സ്ത്രീയുടെ പ്രചോദനപരമായ ജീവിതം പകർത്തുന്ന ഡോക്യുമെന്ററി.
2. അരികുവത്കരിക്കപ്പെട്ടുപോയ സ്ത്രീജീവിതത്തിന്റെ പോരാട്ടത്തിന്റെയും അതിജീവനത്തിന്റെയും കഥ തീക്ഷ്ണമായി ആവിഷ്കരിച്ചതിന്.

---

**5. മികച്ച എഡ്യുക്കേഷണൽ പ്രോഗ്രാം** : **സയൻസ് ടോക്ക് : പാതാളത്തവള: കേരളത്തിൽ നിന്ന് നൂറ്റാണ്ടിലെ കണ്ടുപിടുത്തം** (ഏഷ്യാനെറ്റ് ന്യൂസ്)

**സംവിധാനം** : **ശാലിനി എസ്**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **ഏഷ്യാനെറ്റ് ന്യൂസ്**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

ഏറ്റവും പുതിയ ശാസ്ത്ര വിവരങ്ങൾ അന്വേഷണാത്മകമായി അവതരിപ്പിക്കുന്ന പരിപാടി

---

**6. മികച്ച ആങ്കർ (എഡ്യുക്കേഷണൽ പ്രോഗ്രാം)** : **അഡ്വ. അമൃത സതീശൻ**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **വി ദ പീപ്പിൾ** (കൈറ്റ് വിക്ടേഴ്സ്)

ഇന്ത്യൻ ഭരണഘടനയെക്കുറിച്ച് ആഴത്തിൽ അവബോധം ജനിപ്പിക്കുന്ന വിദ്യാഭ്യാസ പരിപാടി ആകർഷകവും ആധികാരികവുമായ രീതിയിൽ അവതരിപ്പിച്ചതിലെ മികവിന്.

---

**7. മികച്ച സംവിധായിക (ഡോക്യുമെന്ററി)** : **ഷൈനി ജേക്കബ് ബെഞ്ചമിൻ**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി** : **വി വിൽ നോട്ട് ബി അഫ്രൈഡ്** (സെൻസേഡ്)

ബീഹാറിലെ ദലിത് പെൺകുട്ടികളുടെ സാമൂഹിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സാഹസികവും അസാമാന്യവുമായ ഒറ്റയാൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സുധ വർഗീസ് എന്ന മലയാളി വനിതയെ അടുത്തുനിന്ന് കണ്ടറിഞ്ഞ് കൈയടക്കത്തോടെ അവതരിപ്പിച്ച സംവിധാന മികവിന്; സ്ത്രീയാവിഷ്കാരത്തിന്.

**8. മികച്ച ന്യൂസ് ക്യാമറാമാൻ: അജീഷ് എ**
(10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി : നിസ്സഹായനായ കുട്ടി അയ്യപ്പൻ**
(ഏഷ്യാനെറ്റ് ന്യൂസ്)

ശബരിമലയ്ക്കുള്ള യാത്രാമധ്യേ നിലയ്ക്കലിൽ തിരക്കിൽ ഒറ്റപ്പെട്ടുപോയ കുട്ടി അയ്യപ്പന്റെ നിസ്സഹായത, ദൈന്യം, ആശ്വാസം എന്നിവ ഹൃദയസ്പർശിയായി ഒപ്പിയെടുത്തതിന്.

---

**9. മികച്ച വാർത്താവതാരകൻ: പ്രജിൻ സി കണ്ണൻ**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി : പ്രഭാതവാർത്തകൾ** (24 ന്യൂസ്)

വാർത്തയുടെ ആഴവും വൈവിധ്യവും ഉൾക്കൊണ്ടുള്ള അവതരണത്തിന്

---

**10. മികച്ച കോമ്പിയർ/ആങ്കർ : അരവിന്ദ് വി**
(വാർത്തേതര പരിപാടി) (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി : അരസിയൽ ഗലാട്ട** (24 ന്യൂസ്)

തമിഴക രാഷ്ട്രീയത്തിന്റെയും സിനിമയുടെയും ആഴത്തിലുള്ള പഠനവും അവലോകനവുമായ പരിപാടിയുടെ ആകർഷകമായ അവതരണത്തിന്.

---

**11. മികച്ച കമന്റേറ്റർ : നൗഷാദ് എ**
(Out of Vision) (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി : ഊരിൽ ഒരു ഓണക്കാലത്ത്** (ദൂരദർശൻ)

തിരുവനന്തപുരത്തെ ആദിവാസി ഊരിലെ പ്രാക്തന സംസ്കാരവും ഐതിഹ്യവും ഇടകലർന്ന ഓണാഘോഷത്തെ ആകർഷകമായ ആഖ്യാനത്തിലൂടെ അവിസ്മരണീയമാക്കിയതിന്.

---

**12. മികച്ച ആങ്കർ/ഇന്റർവ്യൂവർ: എം.എസ് ബനേഷ്**
**(കറന്റ് അഫയേഴ്സ്)** (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി : ട്രൂ കോളർ, വ്യൂവേഴ്സ് അവർ**
(കേരള വിഷൻ ന്യൂസ്)

ഉന്നയിക്കുന്ന ചോദ്യങ്ങളിലും അഭിമുഖത്തിന് വിധേയനാവുന്ന വ്യക്തിയോടുള്ള സമീപനങ്ങളിലും പുലർത്തുന്ന ഔചിത്യത്തിന്.

---

**13. മികച്ച ഇൻവെസ്റ്റിഗേറ്റീവ് : മുഹമ്മദ് ഷംസീർ കെ.**
**ജേർണലിസ്റ്റ്** (10,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**പരിപാടി : പ്രസവാവധി തട്ടിപ്പ്** (മീഡിയ വൺ ടി.വി)

സമൂഹത്തിന് മാതൃകയാവേണ്ട അധ്യാപകർ പ്രസവാവധി എന്ന അർഹമായ ആനുകൂല്യത്തിന്റെ മറവിൽ നടത്തിയ വൻ തട്ടിപ്പിന്റെ വിവരങ്ങൾ പുറത്തുകൊണ്ടുവന്ന അന്വേഷണാത്മക മാധ്യമപ്രവർത്തന മികവിന്.

**14. മികച്ച ടി.വി.ഷോ (കറന്റ് അഫയേഴ്സ്)**

**പരിപാടി** : **പെൺതാരം** (മനോരമ ന്യൂസ്)

**നിർമ്മാണം** : **കാർത്തിക തമ്പാൻ** (മനോരമ ന്യൂസ്)
(20,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

സാധാരണ ജീവിത സാഹചര്യങ്ങളിൽനിന്ന് സ്വയം സംരംഭകത്വത്തിലൂടെ ജീവിത വിജയം കൈവരിച്ച വനിതകളെയും വനിതാ കൂട്ടായ്മകളെയും കണ്ടെത്തി അവതരിപ്പിച്ച പരിപാടി

**15. മികച്ച കുട്ടികളുടെ പരിപാടി** : **മാർട്ടിന എഫ്.ടി.സി.എൽ (പ്രിൻസസ് ഓഫ് വയലിൻ)**
(ശാലോം ടെലിവിഷൻ)

**സംവിധാനം** : **പ്രിൻസ് അശോക്**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

**നിർമ്മാണം** : **ശാലോം ടെലിവിഷൻ**
(15,000/- രൂപയും പ്രശസ്തിപത്രവും ശില്പവും)

വയലിൻ എന്ന സംഗീതോപകരണത്തിലെ ഏറ്റവും ഉയർന്ന ഡിപ്ലോമ കോഴ്സ് അഭിമാനകരമായി പൂർത്തിയാക്കിയ അപൂർവ പ്രതിഭയായ മാർട്ടിന ചാൾസ് എന്ന സ്കൂൾ വിദ്യാർത്ഥിനിയുടെ വിജയഗാഥ പ്രചോദനകരമാം വിധം അവതരിപ്പിച്ചതിന്.

## പ്രത്യേക ജൂറി പരാമർശങ്ങൾ

**1. ഡോക്യുമെന്ററി ജനറൽ**

**സംവിധാനം** : **എം.ജി അനീഷ്**

**പരിപാടി** : **ലെജന്റ്സ് (കലാമണ്ഡലം ഗോപി)**
(ഏഷ്യാനെറ്റ് ന്യൂസ്)

അഭിനയകലയുടെ ആചാര്യൻ കലാമണ്ഡലം ഗോപിയുടെ ഐതിഹാസിക കലാജീവിതവും വ്യക്തിജീവിതവും വേറിട്ട കാഴ്ചയിലൂടെ അവതരിപ്പിക്കുന്ന ഡോക്യുമെന്ററി.

**2. ഡോക്യുമെന്ററി സയൻസ് ആന്റ് എൻവയേൺമെന്റ്**

**സംവിധാനം** : **ആർ.എസ് പ്രദീപ്**

**പരിപാടി** : **പ്ലാവ്: അദ്ഭുതഫലം തരുന്ന കൽപ്പവൃക്ഷം** (സെൻസേഡ്)

മലയാളിയുടെ ഭക്ഷണം എന്നു വിശേഷിപ്പിക്കാവുന്ന ചക്കയെക്കുറിച്ചും പ്ലാവിനെക്കുറിച്ചുമുള്ള നമ്മളറിയേണ്ട വിശേഷങ്ങൾ. പ്ലാവിന്റെ വർത്തമാനകാല പ്രസക്തിയിലേക്കു കൂടി വിരൽചൂണ്ടുന്ന ഡോക്യുമെന്ററി.

**3. ഡോക്യുമെന്ററി (ബയോഗ്രഫി)**

| | |
|---|---|
| **സംവിധാനം** | : **പുഷ്പൻ ദിവാകരൻ** |
| **പരിപാടി** | : **അഭ്രപാളികളിലെ മധുരം** (സെൻസേഡ്) |

മലയാള സിനിമയിലെ അഭിനയ വിസ്മയം പത്മശ്രീ മധുവിന്റെ ജീവിതത്തെയും അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ച സിനിമകളെയും കുറിച്ചുള്ള വിശദമായ ചിത്രീകരണത്തിന്.

**4. വാർത്തേതര പരിപാടികളുടെ ആങ്കർ** : **ജീവേഷ് വർഗീസ്**

**പരിപാടി** : **കഥയുടെ കൽപ്പാന്ത കാലത്തോളം** (ദൂരദർശൻ)

സ്ഥിരം കണ്ടുവരുന്ന അവതരണ ശൈലിയിൽ നിന്ന് വ്യത്യസ്തവും ആകർഷണീയവുമായ പ്രകടന മികവിന്.

| | |
|---|---|
| **5. അഭിമുഖകാരൻ** | : **അരുൺ കുമാർ കെ.** |
| **പരിപാടി** | : കഥപറയും കാട്: ഒരു സിവിൽ സർവീസ് സ്റ്റോറി (ഏഷ്യാനെറ്റ് ന്യൂസ്) |

ഉദ്യോഗസ്ഥ മേധാവിത്തം ഒട്ടുമില്ലാത്ത ഉദ്യോഗസ്ഥ ദമ്പതികളുടെ വ്യക്തിജീവിതവും കാഴ്ചപ്പാടുകളും അനാവരണം ചെയ്തതിന്

**6. വിദ്യാഭ്യാസ പരിപാടിയുടെ ആങ്കർ**: **അദ്വൈത് എസ്.**

**പരിപാടി** : **പാഠം നാല്** (ന്യൂസ് 18)

മാധ്യമരംഗത്ത് വളർന്നുവരേണ്ടതായ ഒരു ചെറിയ കുട്ടിക്കുള്ള അഭിനന്ദനമാണ് ഇത്.

♦♦♦♦♦

# ഇ-പ്രസ്സ് കിറ്റ്

**ഇലക്ട്രോണിക് പ്രസ്സ് കിറ്റ് ഡൗൺലോഡ് ചെയ്യുന്നതിനായി ക്യൂ. ആർ. കോഡ് സ്കാൻ ചെയ്യുക.**